# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
# തിരുവനന്തപുരം

**ഹാജർ:** **ശ്രീമതി. ശോഭാ കോശി (ചെയർപേഴ്സൺ)**
**ശ്രീ. കെ. നസീർ (മെമ്പർ)**
**ശ്രീമതി. മീന. സി.യു (മെമ്പർ)**

തീയതി : 01/07/2016

## സി.ആർ.എം.പി.നമ്പർ :1128/06/LA1/2016/KeSCPCR

ഹർജികക്ഷി : സ്വമേധയാ നടപടി

എതിർകക്ഷികൾ :

1) ചീഫ് സെക്രട്ടറി,
കേരള സർക്കാർ,
തിരുവനന്തപുരം.

2) സെക്രട്ടറി,
പൊതുവിദ്യാഭ്യാസ വകുപ്പ്,
തിരുവനന്തപുരം.

3) സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം.

4) സെക്രട്ടറി,
വനം വകുപ്പ്,
തിരുവനന്തപുരം.

5) സെക്രട്ടറി,
പട്ടികവർഗ്ഗവികസന വകുപ്പ്,
തിരുവനന്തപുരം.

6) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,
തിരുവനന്തപുരം.

7) സെക്രട്ടറി,
ഊർജ്ജ വകുപ്പ്,
തിരുവനന്തപുരം.

8) സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

9) സെക്രട്ടറി,
ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്,
തിരുവനന്തപുരം.

10) മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി,
തിരുവനന്തപുരം.

11) ചെയർമാൻ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം.

12) ഡയറക്ടർ,
പൊതുവിദ്യാഭ്യാസ വകുപ്പ്,
തിരുവനന്തപുരം.

13) ഡയറക്ടർ,
പഞ്ചായത്ത് വകുപ്പ്,
തിരുവനന്തപുരം.

14) ഡയറക്ടർ,
പട്ടികവർഗ്ഗവികസന വകുപ്പ്,
തിരുവനന്തപുരം.

15) ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

16) ഡയറക്ടർ,
ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്,
തിരുവനന്തപുരം.

17) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,
സർവ്വ ശിക്ഷാ അഭിയാൻ,
തിരുവനന്തപുരം.

18) ജില്ലാ കളക്ടർ,
പൈനാവ്, ഇടുക്കി.

19) വിദ്യാഭ്യാസ ഉപഡയറക്ടർ,
തൊടുപുഴ, ഇടുക്കി.

20) ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ,
തൊടുപുഴ, ഇടുക്കി.

21) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്,
ഇടുക്കി.

22) ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ,
അടിമാലി, ഇടുക്കി.

23) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
ഇടുക്കി.

24) എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി. ലിമിറ്റഡ്,
തൊടുപുഴ.

25) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
മൂന്നാർ, ഇടുക്കി.

26) സെക്രട്ടറി,
ഇടമലക്കുടി ഗ്രാമപഞ്ചായത്ത്,
ഇടമലക്കുടി.പി.ഒ, ഇടുക്കി ജില്ല - 685 612.

27) ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
കട്ടപ്പന, ഇടുക്കി.

28) ജില്ലാ പ്രോജക്ട് ഓഫീസർ,
സർവ്വ ശിക്ഷാ അഭിയാൻ, ഇടുക്കി.

29) ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട്ഓഫീസർ,
ദേവികുളം അഡീഷണൽ, ഇടുക്കി.

30) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,
മഹിള സമഖ്യ സൊസൈറ്റി,
തിരുവനന്തപുരം.

31) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ,
വെങ്ങല്ലൂർ.പി.ഒ, തൊടുപുഴ, ഇടുക്കി.

32) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
ഇടുക്കി.

33) ഹെഡ്മാസ്റ്റർ,
ഗവ. ട്രൈബൽ എൽ.പി. സ്കൂൾ,
ഇടമലക്കുടി, ഇടുക്കി ജില്ല.

34) ജില്ലാ പോലീസ് മേധാവി,
ഇടുക്കി ജില്ല.

35) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ,
ഇടുക്കി ജില്ല.

## ഉത്തരവ്

1. ഇടുക്കി ജില്ലയിൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഗോത്രവർഗ്ഗ വിഭാഗം പെൺകുട്ടികളുമായി കേരള മഹിളാ സമഖ്യ 22-12-2015-ന് നടത്തിയ സംവാദത്തിൽ, ഇടമലക്കുടി പഞ്ചായത്തിലെ കുട്ടികൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ ഉയർന്ന് വരികയും തുടർന്ന് ആയത് മഹിളാ സമഖ്യ കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മിഷൻ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മിഷനുകൾ ആക്റ്റിലെ 13(1)(j) വകുപ്പ് പ്രകാരം വിഷയം സ്വമേധയാ പരിഗ ണിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് റിപ്പോർട്ടുകൾ ആവശ്യപ്പെടു

കയും ചെയ്തു. ഇടമലക്കുടി ഗവ. എൽ.പി. സ്കൂൾ കുറേ കാലമായി പ്രവർത്തിക്കുന്നില്ലെന്നും ആദിവാസി ഊരിൽ മൊത്തമായി വൈദ്യുതിയില്ലെന്നും കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവ ലഭ്യമല്ലെന്നും അംഗൻവാടികൾ പ്രവർത്തനക്ഷമമല്ല എന്നും മറ്റുമുള്ള പരാതികളാണ്മഹിളാ സമഖ്യ കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തിയത്.

2. പ്രസ്തുത കാര്യങ്ങൾ നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിനും അനന്തര നടപടികൾ ശുപാർശ ചെയ്യുന്നതിനുമായി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ അംഗങ്ങളായ ശ്രീ. കെ. നസീർ, ശ്രീമതി. മീന. സി.യു, കമ്മിഷന്റെ സെക്രട്ടറി ഇൻ-ചാർജ്ജ് ശ്രീ. സിംജി ജോസഫ് എന്നിവർ 31-05-2016, 01-06-2016 തീയതികളിൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇടുക്കി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ശ്രീ.ഷംനാഥ്.വി.എ, നോൺ ഇൻസ്റ്റിറ്റ്യൂഷണൽ കെയർ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീ. ജോമറ്റ് ജോർജ്ജ്, ലീഗൽ കം പ്രൊബേഷൻ ഓഫീസർ ശ്രീ. അനീഷ്. വി.വിഎന്നിവരും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രതിനിധികളും സന്ദർശനവേളയിൽ കമ്മീഷനോടൊപ്പമുണ്ടായിരുന്നു. ഇടമലക്കുടി പഞ്ചായത്തിലെ ഇടലിപ്പാറകുടി, സൊസൈറ്റിക്കുടി എന്നീ ആദിവാസി ഊരുകൾ, ഗവ. ട്രൈബൽ എൽ.പി. സ്കൂൾ, അക്ഷയകേന്ദ്രം, അംഗൻവാടികൾ, ആരോഗ്യ ഉപകേന്ദ്രം, പഞ്ചായത്ത് ആഫീസ് എന്നിവയെല്ലാം കമ്മീഷൻ നേരിട്ട് സന്ദർശിക്കുകയുണ്ടായി. 31-05-2016-ന് ഇടമലക്കുടി പഞ്ചായത്ത് ഓഫീസിൽ വച്ച് ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ഇടമലക്കുടി പഞ്ചായത്ത് ഓഫീസ് പ്രതിനിധികൾ, ജനപ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, സ്കൂൾ അദ്ധ്യാപകർ, ഊര് തലൈവർ തുടങ്ങിയവരുമായി കമ്മിഷൻ സംവദിക്കുകയും ഇടമലക്കുടി പഞ്ചായത്തിലെ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

3. പ്രസ്തുത സന്ദർശനവേളയിൽ കമ്മീഷൻ ചുവടെ പറയുന്ന സ്ഥലങ്ങൾ/സ്ഥാപനങ്ങൾ സന്ദർശിച്ചു. ഇതുമായി ബന്ധപ്പെട്ട വിവരങ്ങളും കണ്ടെത്തിയ പ്രശ്നങ്ങളും താഴെപ്പറയുന്നു.

3.1. **<u>ഇടലിപ്പാറകുടി, സൊസൈറ്റികുടി ഊര് സന്ദർശനം</u>**

3.1.1. ഇരുപത്തിയാറ് കുടികൾ ഒന്നിച്ച് ചേരുന്നതാണ് ഇടമലക്കുടി പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെടുന്നത്. ഇവിടുത്തെ നിവാസികൾക്ക് ഒരു കുടിയിൽ നിന്ന് മറ്റൊരു കുടിയിലേയ്ക്ക് എത്തിച്ചേരുന്നതിന് ഒരു മണിക്കൂർ മുതൽ രണ്ടു മണിക്കൂർ വരെ കാൽനടയായി വനത്തിലൂടെ സഞ്ചരിക്കണം. ഇടമലക്കുടി പഞ്ചായത്തിന്റെ ആസ്ഥാനം സൊസൈറ്റികുടിയിലായതുകൊണ്ട് ഇവിടെയാണ്

ഗവ. ട്രൈബൽ എൽ.പി. സ്കൂൾ, ആരോഗ്യ ഉപകേന്ദ്രം, അക്ഷയ സെന്റർ, പഞ്ചായത്ത് ഓഫീസ് കെട്ടിടം എന്നിവ സ്ഥിതി ചെയ്യുന്നത്.26 കുടികളിലായി കുട്ടികൾ ഉൾപ്പെടെ 2220 പേരാണ് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നത്. ഇടമലക്കുടി പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ദേവികുളം ക്യാമ്പ് ഓഫീസിലാണ് ഇപ്പോഴും നടക്കുന്നത്.

3.1.2. ഇടലിപ്പാറകുടിയിലെയും സൊസൈറ്റികുടിയിലെയും ഊരുകൾ കമ്മിഷൻ സന്ദർശിച്ചു. മഴക്കാലത്ത് ചോർന്നൊലിക്കുന്ന അവസ്ഥയിലാണ് വീടുകൾ സ്ഥിതി ചെയ്യുന്നത്. മാത്രമല്ല ടോയ്‌ലറ്റ് സൗകര്യവും വെള്ളവും ലഭ്യമല്ലാത്തതിനാൽ ഇവിടുത്തെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ട സൗകര്യവും സുരക്ഷിതത്വവും സ്വകാര്യതയും ലഭിക്കുന്നില്ല. വൈദ്യുതിയും ശുദ്ധജലവും ലഭിക്കാത്തത് ഇവിടുത്തെ കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തെയും ആരോഗ്യത്തെയും സാരമായി ബാധിക്കുന്നുണ്ട്. പഞ്ചായത്ത് മിക്ക വീടുകളിലും സോളാർ പാനലും ബൾബും നൽകിയിട്ടുണ്ടെങ്കിലും മിക്ക വീടുകളിലും അത് പ്രവർത്തിക്കുന്നില്ല. വീടുകളിൽ വാർത്താവിനിമയ സൗകര്യങ്ങൾ ലഭ്യമല്ല. എല്ലാ കുടികളിലും എത്രയും വേഗം വൈദ്യുതി ലഭിക്കേണ്ടത് ഇവിടുത്തെ കുട്ടികളടക്കമുള്ള നിവാസികളുടെ പ്രധാനപ്പെട്ട ആവശ്യമാണ്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗസങ്കേതം വൈദ്യുതീകരിക്കുന്നതിന് ഇടുക്കി ഐ.ടി.ഡി. പ്രോജക്ട് ഓഫീസറുടെ 01-2015-ലെ ഇ-6183/2014(5) നമ്പർ ഉത്തരവ് പ്രകാരം ഇടമലക്കുടി പട്ടികവർഗ്ഗ സങ്കേതം വൈദ്യുതീകരണ ചുമതല തൊടുപുഴ കെ.എസ്.ഇ.ബി.യെ ഏൽപ്പിച്ചു കൊണ്ടും ഇതിലേയ്ക്കായി അനുവദിച്ചിരിക്കുന്ന 4,77,60,000/- രൂപ (നാലു കോടി എഴുപത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപാ മാത്രം) തൊടുപുഴ കെ.എസ്.ഇ.ബി. അധികൃതർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതുമാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികൾ തൊടുപുഴ കെ.എസ്.ഇ.ബി. എത്രയും വേഗം പൂർത്തിയാക്കി ഇടമലക്കുടിയിലെ കുട്ടികളുടെ വികസനത്തിനുള്ള അവകാശങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

3.1.3. ഭാവിയിൽ റോഡും മറ്റനുബന്ധ ഭൗതിക സൗകര്യങ്ങളും വർദ്ധിക്കുമ്പോൾ പുറമെ നിന്നുള്ള ശക്തികളുടെ പ്രവർത്തന ഫലമായി ഇപ്പോൾ ഇടമലക്കുടി പ്രദേശത്ത് നിലവിലുള്ള സമാധാന ജീവിതത്തിന് ഭംഗം വരുത്തുന്ന വിധം മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും മറ്റു വിധത്തിലുള്ള ചൂഷണവും ഉണ്ടാകാതിരിക്കുവാൻ ഗ്രാമപഞ്ചായത്ത്, പോലീസ്, എക്സൈസ് തുടങ്ങിയ എല്ലാ സർക്കാർ സംവിധാനങ്ങളും നിതാന്ത ജാഗ്രത പുലർത്തേണ്ടതാണ്.

3.1.4. ഊരുകളിൽ താമസിക്കുന്ന കുട്ടികൾക്ക് മാസത്തിലൊരിക്കൽ ആരോഗ്യവകുപ്പ് നടത്തുന്ന മെഡിക്കൽ ക്യാമ്പ് അല്ലാതെ വൈദ്യസഹായം ലഭിക്കുന്നതിന് യാതൊരു സജ്ജീകരണവും ഇവിടെയില്ല. സൊസൈറ്റികുടിയിൽ മാത്രമെ ആരോഗ്യവകുപ്പിന്റെ ഒരു സബ് സെന്റർ പ്രവർത്തിക്കുന്നുള്ളു. മറ്റ് കുടികളിൽ താമസിക്കുന്ന കുട്ടികൾക്ക് വൈദ്യസഹായം ലഭിക്കുന്നതിന് 1½ മണിക്കൂർ മുതൽ 4 മണിക്കൂർ വരെ വളരെ ദുർഘടമായ വഴിയിലൂടെ കാൽനടയായി സഞ്ചരിച്ചുവേണം സൊസൈറ്റികുടിയിലുള്ള ആരോഗ്യ ഉപകേന്ദ്രത്തിൽ എത്തുവാൻ. അടിയന്തിര വൈദ്യസഹായത്തിനുപോലും സൗകര്യമോ സാഹചര്യമോ ഇല്ലാത്തത് ഈ പ്രദേശത്തെ ജനങ്ങളുടെ ജീവന് എപ്പോഴും ഭീഷണിയായി നിലകൊള്ളുന്നു. ഇടമലക്കുടിയിലുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ ആരോഗ്യ സംരക്ഷണത്തോടൊപ്പം അവർ ചൂഷണത്തിൽപ്പെടാതിരിക്കുവാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഏറ്റവും അത്യന്താപേക്ഷിതമാണെന്ന് കമ്മീഷൻ കരുതുന്നു.

## 3.2. <u>അക്ഷയ സെന്റർ സന്ദർശനം</u>

3.2.1. സൊസൈറ്റികുടിയിലുള്ള അക്ഷയ സെന്ററിൽ വാർത്താവിനിമയ സൗകര്യങ്ങൾ ലഭിക്കുന്നത് സി.എൻ.എൻ.എല്ലിന്റെ സാറ്റലൈറ്റ് വഴിയാണ്. സോളാർ പാനൽ വഴിയാണ് അക്ഷയ സെന്ററിൽ വൈദ്യുതി ലഭിക്കുന്നത്. മഴക്കാലമായാൽ സോളാർ പാനൽ വഴി വൈദ്യുതി ലഭിക്കുന്നതിന് ഇവിടെ വളരെയധികം ബുദ്ധിമുട്ടുണ്ട്. ഇവിടുത്തെ കുട്ടികൾക്ക് അവരുടെ പഠനവുമായി ബന്ധപ്പെട്ട അപേക്ഷാ ഫോറങ്ങൾ പ്രിന്റ് ഔട്ട് എടുക്കുന്നതിനും ഓൺലൈൻ വഴി സമയബന്ധിതമായി അവരുടെ പഠനാവശ്യത്തിന് അപേക്ഷ നൽകുന്നതിനുമുള്ള ഏക ആശ്രയമാണ് ടി അക്ഷയ സെന്റർ. ആയതിനാൽ ടി അക്ഷയ സെന്റർ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി പ്രവർത്തിച്ചില്ലെങ്കിൽ ഇടമലക്കുടിയിലെ കുട്ടികൾക്ക് അവരുടെ ഓൺലൈൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനെ ഇത് പ്രതികൂലമായി ബാധിക്കും. ഇത് ഈ പ്രദേശത്തെ കുട്ടികളെ സാമൂഹികമായ പിന്നോക്കാവസ്ഥയിലേക്കും ജീവിത നിലവാരത്തകർച്ചയിലേക്കും കൂടുതലായി നയിക്കുന്നതാണ്.

3.2.2. അക്ഷയ സെന്ററിനെ വന്യമൃഗങ്ങളുടെ, പ്രത്യേകിച്ച് ആനകളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് trench കുഴിക്കുന്നതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. മുമ്പ് ആനയുടെ ആക്രമണത്തിൽ നിലത്ത് സ്ഥാപിച്ചിട്ടുള്ള ആന്റിന നശിപ്പിക്കപ്പെടേണ്ടതായിരുന്നു. അതുപോലെ തന്നെ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും അടങ്ങുന്ന അക്ഷയ സെന്റർ പ്രവർത്തിക്കുന്ന

കെട്ടിടത്തിന് സമീപം trench കുഴിച്ചില്ലെങ്കിൽ ആനയുടെ ശല്യംമൂലം ടി സെന്റർ നശിപ്പിക്കപ്പെടുവാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇടമലക്കുടിയിലെ കുട്ടികൾക്ക് അവരുടെ ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങിയ ആവശ്യങ്ങൾക്കായുള്ള ഏക ആശ്രയമാണ് സൊസൈറ്റികുടിയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്റർ. ആയതിനാൽ ടി അക്ഷയ സെന്ററിന്റെ പ്രവർത്തനം ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കേണ്ടത് ഇവിടുത്തെ കുട്ടികളുടെ ഒരു പ്രധാനപ്പെട്ട ആവശ്യം കൂടിയാണ്.

## 3.3. ഗവ. ട്രൈബൽ എൽ.പി. സ്കൂൾ സന്ദർശനം

3.3.1 1978 സെപ്റ്റംബർ 6-ാം തീയതി സൊസൈറ്റിക്കുടിയിൽ സ്ഥാപിതമായ ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ 30 കുട്ടികൾ പഠിക്കുന്നുണ്ട്. പ്രധാനാദ്ധ്യാപകൻ ഉൾപ്പെടെ 4 അദ്ധ്യാപകരും ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയും നിലവിലുണ്ട്. 2015-16 അദ്ധ്യയന വർഷം ഒന്നാം തരത്തിലേയ്ക്ക് പ്രവേശനം നേടിയത് കേവലം 8 പേർ മാത്രമാണ്. സ്കൂളിൽ വരുന്നതിലും കൂടുതൽ കുട്ടികൾ കുടിയിലിരുന്ന് വിദ്യാഭ്യാസം ലഭിക്കാതെ പോകുന്നുണ്ട്.വിദ്യാലയങ്ങളിൽ വൈദ്യുതി ഇല്ലാത്തതുമൂലം ക്ലാസ്സുകളിൽ വെളിച്ചം ലഭിക്കുന്നില്ല. ഇത് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. സ്കൂൾ കെട്ടിടം ടിൻ ഷീറ്റ് ഇട്ടിരിക്കുന്നതിനാൽ മഴക്കാലത്ത് ക്ലാസ് മുറികളിൽ ചോരുന്ന വെള്ളം ബക്കറ്റിൽ ശേഖരിച്ച് കളയേണ്ട അവസ്ഥ കമ്മിഷന് നേരിട്ട് കാണാൻ കഴിഞ്ഞു. സ്കൂളിന്റെ തൂണുകൾ, മേൽക്കൂരകൾ എന്നിവ ഇടിഞ്ഞ് പൊളിഞ്ഞ് കെട്ടിടം വീഴാറായ അവസ്ഥയുള്ളതിനാൽ ഇത് കുട്ടികളുടെ ജീവനു തന്നെ ഭീഷണിയാണ്. സ്കൂളിലേയ്ക്ക് പുസ്തകങ്ങൾ, ബുക്കുകൾ, അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവ തലച്ചുമടായിട്ട് കിലോമീറ്ററോളം നടന്നാണ് കൊണ്ടുവരുന്നത്. ഇതിന്റെ ചുമട്ടുകൂലിയ്ക്കുള്ള തുകയൊന്നും തന്നെ സ്കൂളിന് അനുവദിച്ചിട്ടില്ല. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് പ്രത്യേക അടുക്കള ഇല്ലാത്തതിനാൽ ക്ലാസ് മുറിയുടെ ഒരു ഭാഗത്താണ് കുട്ടികൾക്കായുള്ള ഉച്ചഭക്ഷണം തയ്യാറാക്കുന്നത്. ഓഫീസ് റൂം, ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങിയവ ഒന്നും തന്നെ ഇല്ല. 2010-ൽ ഇടമലക്കുടി ആദ്യത്തെ ട്രൈബൽ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടും പ്രസ്തുത പഞ്ചായത്തിലെ ഏക പ്രാഥമിക വിദ്യാലയമായ ടി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് വളരെ പരിമിതമായ ഭൗതിക സൗകര്യങ്ങളാണുള്ളത്.

3.3.2 അദ്ധ്യാപകർ ദൂരെ സ്ഥലങ്ങളിൽ നിന്ന് ഇടമലക്കുടിയിൽ വന്ന് താമസിച്ചാണ് ജോലി ചെയ്യുന്നത്. അദ്ധ്യാപകർക്ക് കിടക്കുവാൻ പ്രത്യേക ക്വാർട്ടേഴ്സോ, മുറികളോ ഇല്ലാത്തതിനാൽ ക്ലാസ് മുറിയിലെ ബെഞ്ചുകൾ കൂട്ടിയിട്ടാണ് അദ്ധ്യാപകർ രാത്രിയിൽ കിടന്നുറങ്ങുന്നത്. ദൂരെയുള്ള കുടികളിൽനിന്ന് വരുന്ന

കുട്ടികൾ വളരെ ദൂരം നടന്നാണ് സ്കൂളിൽ എത്തിച്ചേരുന്നത്. സ്കൂളിൽ എത്തിച്ചേരുവാനുള്ള യാത്രാസൗകര്യങ്ങൾ ഇല്ലാത്തതിനാൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അധികമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് മേൽ സ്കൂൾ യു.പി. സ്കൂളായി ഉയർത്തണമെന്നും ഇവിടെ ഒരു ഹോസ്റ്റൽ സൗകര്യം വേണമെന്ന ആവശ്യവും മാതാപിതാക്കൾ കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 12-ാം ക്ലാസ് വരെ പഠിക്കുന്നതിന് ഇടമലക്കുടിയിൽ തന്നെ ഹോസ്റ്റൽ സൗകര്യമുള്ള ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ വേണമെന്നും മാതാപിതാക്കൾ കമ്മിഷനോട് ആവശ്യപ്പെടുകയുണ്ടായി. 01-06-2016 തീയതിയിലെ സ്കൂൾ പ്രവേശനോൽസവത്തിൽ കമ്മിഷൻ അംഗങ്ങളായ ശ്രീ. കെ. നസീർ, ശ്രീമതി. മീന. സി.യു എന്നിവർ പങ്കെടുക്കുകയുണ്ടായി.

3.3.3. മിക്ക കുട്ടികളും പ്രഭാത ഭക്ഷണം കഴിക്കാതെയാണ് സ്കൂളിൽ എത്തിച്ചേരുന്നത്. സ്കൂളിൽ എത്തുവാൻ കുട്ടികൾക്ക് വളരെ ദൂരം വനപ്രദേശത്തുകൂടി നടക്കേണ്ടതിനാൽ കുട്ടികൾ ക്ലാസ്സിൽ എത്തുമ്പോൾ വിശന്നു തളർന്നിരിക്കുമെന്നും, ആയതിനാൽ ടി സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകേണ്ടതിന്റെ പ്രാധാന്യവും അദ്ധ്യാപകർ കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തി. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ വളരെ ആത്മാർത്ഥതയോടെയാണ് പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർ പ്രവർത്തിക്കുന്നത്. ഊരുകളിലെത്തി കുട്ടികളെ സ്കൂളിൽ ചേർക്കുന്ന കാര്യത്തിൽവരെ ഇവർ താൽപര്യമെടുക്കുന്നതായി കമ്മിഷന് നേരിട്ട് ബോധ്യമായി. എന്നാൽ ഇവർക്കായുള്ള മറ്റ് സഹായങ്ങളോ, ഭൗതിക സാഹചര്യങ്ങളോ നൽകുന്നതിൽ സർക്കാരും ബന്ധപ്പെട്ട വകുപ്പ് അധികാരികളും വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ലെന്നത് ദുഃഖകരമാണ്. അർപ്പണബോധമുള്ള ഈ അദ്ധ്യാപകരുടെ സേവനത്തെ കമ്മിഷൻ പ്രത്യേകം പ്രശംസിക്കുന്നു.

3.3.4. കമ്മിഷൻ ആവശ്യപ്പെട്ടത് പ്രകാരം ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച 02-03-2016 തീയതിയിലെ ബി.1/1580/2016 ന.തീ. നമ്പർ റിപ്പോർട്ട് പ്രകാരം, ഇടുക്കി ജില്ലയിലെ ആദിവാസി പട്ടികവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലെ ഏക സ്കൂളാണ് ഗവ. ട്രൈബൽ എൽ.പി. സ്കൂളെന്നും വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ടി സ്കൂൾ മൂന്നാറിൽ നിന്നും 16 കിലോമീറ്റർ ദൂരം ജീപ്പുമാർഗ്ഗം സഞ്ചരിച്ച് പെട്ടിമുടിയിലെത്തിയശേഷം അവിടെ നിന്നും കാൽനടയായി 15 കിലോമീറ്റർ കാട്ടിലൂടെയുള്ള കുത്തിറക്കവും പുഴയും കാട്ടുമൃഗങ്ങളുടെ ഭീഷണിയും കടന്ന് വേണം സ്കൂൾ പ്രവർത്തിക്കുന്ന സൊസൈറ്റികുടി എന്ന സ്ഥലത്ത് എത്തേണ്ടതെന്നും സ്കൂളിന് ഷീറ്റുമേഞ്ഞ നാലു മുറികളുള്ള കെട്ടിടം, രണ്ട് ടോയ്‌ലറ്റുകൾ, വനംവകുപ്പിന്റെ സഹായത്തോടെയുള്ള കുടിവെള്ള സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നും രണ്ട് ടോയ്‌ലറ്റുകൾ ഉപയോഗക്ഷമമല്ല എന്നും ഉച്ചഭക്ഷണം സ്കൂളിൽ ക്രമമായി നടന്നു വരുന്നു എന്നും സ്കൂളിൽ വൈദ്യുതിയ്ക്കായി സോളാർ പാനൽ

ഇടുക്കി ജില്ലാ കളക്ടറുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ഇടമലക്കുടി ഗവ. എൽ.പി. സ്കൂൾ അടഞ്ഞുകിടക്കുന്നു എന്നുള്ള പരാതി അടിസ്ഥാനരഹിത മാണെന്നും കുട്ടികൾ നടന്നു വരുന്ന വഴികളിൽ കാട്ടുമൃഗങ്ങളുടെ ശല്യമുള്ള ദിവസങ്ങളിൽ സ്കൂളിലെ ഹാജർ നില കുറയാറുണ്ടെന്നും ബോധിപ്പിക്കുകയു ണ്ടായി.

3.3.5. വനത്തിലൂടെയുള്ള യാത്രയിൽ കാട്ടുമൃഗങ്ങളുടെ ശല്യം കാരണം ഹാജർനില കുറവു വരുന്നു എങ്കിൽപോലും സ്കൂളിലെ ഭൗതികസാഹചര്യവും കുട്ടികളെ സ്കൂളിലെത്തിക്കുന്നതിൽ വേണ്ടത്ര പ്രവർത്തനം ആത്മാർത്ഥമായിബന്ധപ്പെട്ട വർ നടത്താത്തതുമാണ് കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് പ്രധാന കാരണമെ ന്നാണ് സന്ദർശനവേളയിൽ കമ്മിഷന് കണ്ടെത്താനായത്. സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനോടൊപ്പം കുട്ടികളെ സ്കൂളിലെത്തിക്കുന്ന തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ടെന്ന് കമ്മിഷൻ കരുതുന്നു. ഐ.റ്റി.ഡി.പി സംവിധാനവും ട്രൈബൽ പ്രമോട്ടർമാരും ഇതിൽ പ്രത്യേക താൽപര്യത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

3.3.6. സൊസൈറ്റികുടിയിൽ പ്രവർത്തിക്കുന്ന ടി സ്കൂളിൽ നാലാം ക്ലാസു വരെയുള്ള പഠനം മാത്രമേ ഇവിടുത്തെ കുട്ടികൾക്ക് ലഭിക്കുന്നുള്ളു. നാലാം ക്ലാസ് കഴിഞ്ഞാൽ ഊരിലെ എല്ലാ കുട്ടികൾക്കും മൂന്നാർ, അടിമാലി തുടങ്ങിയ പ്രദേശ ങ്ങളിലുള്ള ട്രൈബൽ ഹോസ്റ്റലിൽനിന്ന് പഠിക്കേണ്ട അവസ്ഥയാണ്. ചെറു പ്രായത്തിൽതന്നെ കുട്ടികൾ മാതാപിതാക്കളിൽ നിന്ന് വിട്ടുപിരിഞ്ഞ് വീട്ടിൽനിന്ന് മാറിനിൽക്കേണ്ട അവസ്ഥയും ദൂരെയുള്ള ഹോസ്റ്റലിൽ നിൽക്കേണ്ട സ്ഥിതിയും ഉള്ളതിനാൽ പല കുട്ടികളും പഠനത്തിൽ നിന്ന് കൊഴിഞ്ഞു പോകുന്നുണ്ട്. ടി സ്കൂളിൽ പഠിക്കുന്ന ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് മറ്റ് കുടികളിൽ നിന്ന് സ്കൂളിലേക്കെ ത്താൻ ഒരു മണിക്കൂർ മുതൽ 2 മണിക്കൂർ വരെ കാൽനടയായി വനത്തിലൂടെ നടക്കേണ്ട അവസ്ഥയാണുള്ളത്. ആയതിനാൽ പല കുട്ടികളും സ്കൂളിൽ പഠിക്കാതെ വീടുകളിൽ തന്നെ ഇരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് എൽ.പി. സ്കൂൾ ഒരു കിലോമീറ്റർ ചുറ്റളവിലും യു.പി. സ്കൂൾ 3 കിലോമീറ്റർ ചുറ്റളവിലും ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത നിയമവ്യവസ്ഥയുടെ പ്രയോജനം ഇവിടുത്തെ കുട്ടികൾക്ക് ഇപ്പോഴും ലഭിക്കുന്നില്ല. ആയതിനാൽ ഇടമലക്കുടിയിലെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിന് ടി സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യേണ്ടതും ഇവിടുത്തെ കുട്ടികൾക്ക് താമസിക്കുവാൻ ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ ഉണ്ടാകേണ്ടതും കുട്ടികളുടെ ഉത്തമതാല്പര്യത്തിൽ അത്യന്താ പേക്ഷിതമാണ്.

## 3.4. അങ്കണവാടി സന്ദർശനം

ഇടമലക്കുടി പഞ്ചായത്തിൽ ആകെ 10 അംഗൻവാടി സെന്ററുകളുള്ളതിൽ മൂന്നെണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടവും സൗകര്യങ്ങളും ഉള്ളത്. കമ്മിഷൻ സന്ദർശിച്ച അംഗൻവാടി പ്രവർത്തിക്കുന്നത് ഹെൽപ്പറുടെ വീട്ടിലാണ്. ടി അംഗൻവാടിയിൽ 10 കുട്ടികളാണ് പ്രവേശനം നേടിയിട്ടുള്ളത്. ദൂരെ സ്ഥലങ്ങളിൽ നിന്നുള്ള അംഗൻവാടി ടീച്ചർമാരാണ് വർഷങ്ങളായി ഇടമലക്കുടിയിൽ ജോലി ചെയ്യുന്നത്. പെട്ടിമുടിയിൽ നിന്ന് 28 കിലോമീറ്റർ നടന്ന് ഇടമലക്കുടിയിലെ അംഗൻവാടിയിൽ എത്തേണ്ടതിനാൽ ടീച്ചർമാർക്ക് കൃത്യമായി അംഗൻവാടിയിൽ എത്തുവാൻ സാധിക്കുന്നില്ല. ഇടമലക്കുടി പഞ്ചായത്ത് രൂപീകരിച്ചപ്പോൾ നിലവിലുണ്ടായിരുന്നതും മൂന്നാർ പഞ്ചായത്തിനു കീഴിൽ പ്രവർത്തിച്ചിരുന്നതുമായ കുറച്ച് അംഗൻവാടി ടീച്ചർമാരെ ഇടമലക്കുടിയിലേയ്ക്ക് നിയമിക്കുകയും മൂന്നാർ മേഖലയിൽ പുതിയ നിയമനം നടത്തുകയും ചെയ്തിരുന്നു. ഇവരാകട്ടെ വളരെ ദൂരെ സ്ഥലങ്ങളിൽ (തൊടുപുഴ, കോതമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ) നിന്നും വരുന്നവരായതിനാൽ ഇടമലക്കുടിയിൽ സ്ഥിരമായി എത്താറില്ല. ഇതിനു പകരം ഇടമലക്കുടിയിലേയ്ക്ക് വിദ്യാഭ്യാസ യോഗ്യതയുള്ള സ്ഥലനിവാസികളിൽ നിന്നും നിയമനം നടത്തിയിരുന്നെങ്കിൽ ടീച്ചർമാരുടെ സേവനം പൂർണ്ണമായും എല്ലാ ദിവസവും കിട്ടുമായിരുന്നു. ടീച്ചർമാരുടെ നിയമനത്തിലെ അപാകതയാണ് ഇതു വെളിപ്പെടുത്തുന്നത്. ഇക്കാര്യം ഇവിടുത്തെ അംഗൻവാടിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെന്ന് കമ്മിഷന്റെ ശ്രദ്ധയിൽപ്പെട്ടു. ടീച്ചർമാരില്ലാത്ത സമയത്ത് ഹെൽപ്പർമാരാണ് അംഗൻവാടിയിൽ കുട്ടികളുടെ കാര്യങ്ങൾ നോക്കുന്നത്. അംഗൻവാടി ടീച്ചർമാർക്ക് ഇടമലക്കുടിയിൽ താമസിക്കുവാനുള്ള സൗകര്യങ്ങളും ടോയ്‌ലറ്റും ഇല്ലാത്തതിനാൽ ഹെൽപ്പർമാരുടെ വീടുകളിലാണ് ഇവർ താമസിക്കുന്നത്. ഇത് കാരണം അംഗൻവാടി വർക്കർമാരുടെ സേവനം പൂർണ്ണതോതിൽ കുട്ടികൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാത്ത അവസ്ഥ വരുന്നു. അംഗൻവാടിയുടെ അടിസ്ഥാന വികസനം ഗ്രാമപഞ്ചായത്തിനാകയാൽ ആ കാര്യത്തിൽ യാതൊരു താൽപര്യവും ഗ്രാമപഞ്ചായത്ത് കാണിക്കുന്നില്ല. കമ്മീഷന്റെ സന്ദർശന വേളയിൽ അംഗൻവാടി ടീച്ചറാകുവാൻ വിദ്യാഭ്യാസ യോഗ്യതയുള്ള പെൺകുട്ടികളെ ഇടമലക്കുടിയിലെ നിവാസികൾക്കിടയിൽ കാണുവാൻ സാധിച്ചു. ഇടമലക്കുടി നിവാസികളിൽ പത്താം ക്ലാസ് പാസ്സായ പെൺകുട്ടികൾ ഉണ്ടെങ്കിൽ അവർക്ക് പ്രത്യേക പരിഗണന നൽകി അവരെ അംഗൻവാടി ടീച്ചറായി ഇടമലക്കുടിയിൽ നിയമനം നടത്തിയാൽ അംഗൻവാടികളിൽ ടീച്ചർമാരുടെ സാന്നിധ്യം ഉറപ്പുവരുത്തുവാനാകും. അതോടൊപ്പം ഇവിടുത്തെ കുട്ടികൾക്ക് ഇടമലക്കുടി നിവാസികൾ തന്നെ ടീച്ചർമാരാകുന്നത് ഒരു മാതൃകയായി കാണുവാനായിട്ടും സാധിക്കും. ഇടമലക്കുടിയിലെ അംഗൻവാടികളുടെ പ്രവർത്തനം ഒട്ടും ശിശുസൗഹൃദമല്ലെന്ന് കമ്മിഷന്

കാണാനായി. അംഗൻവാടിയുടെ വികസന കാര്യത്തിൽ സജീവമായ ഇടപെടൽ അനിവാര്യമാണെന്ന് കമ്മിഷൻ കരുതുന്നു.

## 3.5 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ആഫീസ് സന്ദർശനം

3.5.1. ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മിഷന് സമർപ്പിച്ച 02-03-2016 തീയതിയിലെ റിപ്പോർട്ടിൽ ടി പ്രദേശത്തെ സ്കൂൾ, ഗതാഗതം, വൈദ്യുതി, കുടിവെള്ളം, അംഗൻവാടി തുടങ്ങിയവയെ സംബന്ധിച്ച കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഇടമലക്കുടി ഗവ. എൽ.പി. സ്കൂളിൽ പ്രധാനാദ്ധ്യാപകൻ ഉൾപ്പെടെയുള്ള അദ്ധ്യാപകർ സ്കൂളിൽ ഹാജരായി സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സ്കൂളിൽ 30 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും ഊരിൽ വൈദ്യതിയും ഗതാഗത സൗകര്യവും നാളിതുവരെ ലഭ്യമായിട്ടില്ല എന്നും ഗതാഗതത്തിനായി ഗ്രാമപഞ്ചായത്ത് അതിർത്തിയായ പെട്ടിമുടിയിൽ നിന്നും ഇടലിപ്പാറകുടി വരെയുള്ള റോഡ് പണി വനം വകുപ്പിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നുവെന്നും എല്ലാ കുടികളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ 10 അംഗൻവാടികളാണ് നിലവിലുള്ളതെന്നും 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നുണ്ടെന്നും 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് 100 ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും ബോധിപ്പിച്ചിരുന്നു.

3.5.2. ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടവും ബാലാവകാശ സംരക്ഷണ കമ്മീഷൻ സന്ദർശിക്കുകയുണ്ടായി. 2010-ലാണ് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ വരുന്ന മുതുവാൻ ആദിവാസി ഗോത്രത്തിൽപ്പെട്ടവരാണ് താമസിക്കുന്നത്. 26 കുടികളിലായി കുട്ടികൾ ഉൾപ്പെടെ 2220 പേരാണ് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നത്. 2010-ൽ സ്ഥാപിതമായ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് ദേവികുളത്ത് ക്യാമ്പ് ഓഫീസായിട്ടാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഇടമലക്കുടി പഞ്ചായത്തായി രൂപീകരിച്ച സമയത്ത് പഞ്ചായത്ത് ഓഫീസിനുള്ള കെട്ടിടസൗകര്യം ഇടമലക്കുടിയിൽ ലഭ്യമല്ലാത്തതുകൊണ്ടാണ് ദേവികുളത്ത് ഓഫീസ് തുറന്ന് പ്രവർത്തിച്ചത്. എന്നാൽ ഇപ്പോൾ സൊസൈറ്റിക്കുടിയിൽ പഞ്ചായത്ത് ഓഫീസിനായി കെട്ടിടം പണി പൂർത്തിയായെങ്കിലും ഇടമലക്കുടി പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ദേവികുളം ക്യാമ്പ് ഓഫീസിലാണ് ഇപ്പോഴും നടക്കുന്നത്. ലക്ഷങ്ങൾ വിലവരുന്ന ഒരു വലിയ Yamaha Diesal Generator പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് ഉപയോഗിക്കുന്നില്ല. ഇത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരി

ച്ചാൽത്തന്നെ അക്ഷയ സെന്റർ, എൽ.പി. സ്കൂൾ തുടങ്ങി എല്ലാവർക്കും ആവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നതാണ്. സർക്കാർ പണം എങ്ങനെ ദുരുപയോഗം ചെയ്യാമെന്നതിന്റെ നല്ല ഉദാഹരണമാണ് അനാഥമായി കിടക്കുന്ന ടി ജനറേറ്റർ.

3.5.3. പകൽവീട് എന്ന പേരിൽ ലക്ഷങ്ങൾ മുടക്കി പണിത കെട്ടിടം ഉപയോഗശൂന്യമായി കിടക്കുന്നത് കമ്മിഷന് കാണുവാൻ സാധിച്ചു. അംഗൻവാടി ടീച്ചർമാരുടെ താമസത്തിനായി ഈ കെട്ടിടം ഉപയോഗിക്കാവുന്നതേയുള്ളു. കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കുമായുള്ള വെള്ളം പഞ്ചായത്ത് ഓഫീസിന് വളരെ അടുത്തുകൂടി ഒഴുകുന്ന പുഴയിൽ നിന്നും ഒരു ചെറിയ പമ്പ് സ്ഥാപിച്ച് വളരെ കുറഞ്ഞ ചെലവിൽ ടാങ്കിൽ എത്തിക്കാവുന്നതേയുള്ളു. ഇതിന് ആവശ്യമായ ഫണ്ടും മറ്റും പഞ്ചായത്തിന് ലഭ്യമാണ്. ഇതിനുവേണ്ട നടപടികളൊന്നും പഞ്ചായത്തധികൃതർ സ്വീകരിച്ചതായി കാണുവാൻ സാധിച്ചില്ല. പഞ്ചായത്ത് അംഗങ്ങൾക്ക് അവരുടെ അവകാശങ്ങളും കടമകളും സംബന്ധിച്ച് യാതൊരുവിധ ധാരണയുമില്ലെന്ന് കമ്മിഷൻ മനസ്സിലാക്കുന്നു. ഈ അറിവില്ലായ്മ എല്ലാ ജീവനക്കാരും ചൂഷണം ചെയ്യുന്നുണ്ട്. അതിനാൽ അടിയന്തിരമായി പഞ്ചായത്ത് പ്രസിഡന്റിനും മെമ്പർക്കും ഈ വിഷയത്തെപ്പറ്റി വളരെ സമഗ്രമായ ഒരു ബോധവത്കരണ ക്ലാസ്സ് ഇടമലക്കുടിയിൽവച്ച് അധികൃതർ നടത്തേണ്ടതാണ്. അതുപോലെ മറ്റ് പഞ്ചായത്തുകളിൽ പോയി അവിടെ പ്രവർത്തനരീതി കണ്ടു മനസ്സിലാക്കുന്നതിനുള്ള സൗകര്യങ്ങളും പഞ്ചായത്തംഗങ്ങൾക്ക് ഒരുക്കിക്കൊടുക്കേണ്ടതാണ്.

3.5.4. സൊസൈറ്റിക്കുടിയിൽ ഇടമലക്കുടി പഞ്ചായത്ത് ഓഫീസിനായി പണിതിട്ടുള്ള കെട്ടിടം ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഇടമലക്കുടിയിലെ നിവാസികൾക്ക് ദേവികുളത്ത് പോയാൽ മാത്രമേ പഞ്ചായത്തിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാകുകയുള്ളു. ഇടമലക്കുടി പഞ്ചായത്തിന്റെ സേവനങ്ങൾ ലഭ്യമാക്കുവാൻ ഇടമലക്കുടിയിൽ നിന്ന് കിലോമീറ്ററോളം കാൽനടയായി ദുർഘടമായ വഴിയിലൂടെ സഞ്ചരിച്ച് ദേവികുളം പഞ്ചായത്ത് ഓഫീസിൽ എത്തിയാണ് ഇവിടുത്തെ ജനങ്ങൾക്ക് പഞ്ചായത്തിന്റെ സേവനങ്ങൾക്കുള്ള വഴി തേടുന്നത്. ഇത് ഇവിടത്തെ കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ അവകാശ ലംഘനമായി കമ്മീഷൻ കരുതുന്നു. ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ദേവികുളത്തുനിന്നു മാറ്റി സൊസൈറ്റിക്കുടിയിലെ പഞ്ചായത്ത് ഓഫീസിനായി പണിതിട്ടുള്ള കെട്ടിടത്തിലേയ്ക്ക് എത്രയും വേഗം മാറ്റേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ഇടമലക്കുടി പഞ്ചായത്തിൽ പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള സ്റ്റാഫ് അംഗങ്ങളെയും ഇവിടെ നിയോഗിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇപ്പോൾ ഇടമലക്കുടിയിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ നിയമനം Punishment Transfer ആയിട്ടാണ്

കാണുന്നത്. എന്നാൽ ഈ മേഖലയിൽ പ്രവർത്തിക്കാൻ സന്നദ്ധരായിട്ടുള്ളതും താൽപര്യമുള്ളതുമായ നിരവധി ഉദ്യോഗസ്ഥർ ഉണ്ട്. അവരിൽ നിന്നും സമ്മതപത്രം വാങ്ങി നിയമനം നടത്തിയാൽ ഇടമലക്കുടിക്കാർക്ക് ലഭിക്കേണ്ട എല്ലാ സേവനവും തീർച്ചയായും അവർക്ക് ലഭിക്കുകയും അവർക്ക് വേണ്ടി അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

3.5.5. ഇടമലക്കുടിയിലെ ജനങ്ങളുടെ പ്രാദേശിക ഭരണകേന്ദ്രം ഒരിക്കലും അവർക്ക് അപ്രാപ്യമായ ദേവികുളത്ത് പ്രവർത്തിച്ചുകൂടാ. ജനങ്ങളുടെ അത്യാവശ്യ ആവശ്യം നിറവേറ്റുന്ന ഗ്രാമപഞ്ചായത്ത് ഇടമലക്കുടിക്കാർക്ക് അന്യമായി കിടക്കുകയാണ്. ഇവിടുത്തെ ജനങ്ങളുടെ കാര്യത്തിൽ യാതൊരു താൽപര്യവും പഞ്ചായത്ത് അധികൃതർ കാണിക്കുന്നില്ലെന്ന് കമ്മിഷന് കാണാനായി. ഇവിടുത്തെ ജനങ്ങളുടെ ദൈനംദിന ജീവിതകാര്യത്തിൽ സജീവമായി ഇടപെടാൻ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ ദേവികുളത്തെ ഓഫീസ് നിർത്തലാക്കി ഇടമലക്കുടിയിലെ സൊസൈറ്റികുടിയിൽ പഞ്ചായത്തിനായി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ തന്നെ പൂർണ്ണ സജ്ജീകരണത്തോടെ പ്രവർത്തന സജ്ജമാക്കേണ്ടിയിരിക്കുന്നു.

## 4. <u>അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ</u>

കമ്മീഷന്റെ സന്ദർശനവേളയിൽ ഇനിപ്പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെട്ടു.

### 4.1. <u>ഗതാഗത സൗകര്യം</u>

കമ്മീഷൻ ഇടമലക്കുടിസന്ദർശിച്ചപ്പോൾ പെട്ടിമുടി മുതൽ ഇടമലക്കുടി പഞ്ചായത്ത് വരെ വളരെ ദുർഘടമായ റോഡുകളാണ് കാണുവാൻ സാധിച്ചത്. ടി റോഡിലൂടെ ജീപ്പ് മാർഗ്ഗവും കാൽനടയായും സഞ്ചരിക്കുന്ന ഇടമലക്കുടി യുടെ കുട്ടികൾ അടക്കമുള്ള ആളുകൾക്ക് ഗതാഗതസൗകര്യത്തിന് വേണ്ടത്ര റോഡുകൾ ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും, ടി വഴിയിലൂടെയുള്ള യാത്ര ഇടമലക്കുടി പഞ്ചായത്തിൽ താമസിക്കുന്ന കുട്ടികളുടെ ജീവന് തന്നെ ഭീഷണിയാകുന്നുണ്ടെന്നും കമ്മിഷന്റെ ശ്രദ്ധയിൽപ്പെട്ടു. ഇടമലക്കുടിയിലേക്ക് ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ ഇവിടുത്തെ കുട്ടികളുടെ വികസനത്തെയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്.

4.2. **ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗസങ്കേതം വൈദ്യുതീകരിക്കുന്നത് സംബന്ധിച്ച്**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗസങ്കേതം വൈദ്യുതീകരിക്കുന്നതിന് 26-12-2014 തീയതിയിലെ സ.ഉ. (സാധാ) നം. 2135/2014/പ.ജ.പ.വ. വി.വ. ഉത്തരവുപ്രകാരം ഗവണ്മെന്റിൽ നിന്ന് ഭരണാനുമതി ലഭിക്കുകയും ഇതിലേയ്ക്കാവശ്യമായ 4,77,60,000/- രൂപ (നാലു കോടി എഴുപത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപാ മാത്രം) 2225-02-102-90-പൂൾഡ് ഫണ്ട് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തിക്കൊണ്ട് 09-01-2015 തീയതിയിലെ എം.1-19267/2014 നമ്പർ ഉത്തരവ് പട്ടകിവർഗ്ഗവികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കുകയുണ്ടായി. ഇടുക്കി ഐ.ടി.ഡി. പ്രോജക്ട് ഓഫീസറുടെ 01-2015-ലെഇ-6183/2014(5) നമ്പർ ഉത്തരവ് പ്രകാരം ഇടമലക്കുടി പട്ടികവർഗ്ഗ സങ്കേതം വൈദ്യുതീകരണ ചുമതല തൊടുപുഴ കെ.എസ്.ഇ.ബി.യെ ഏൽപ്പിച്ചു കൊണ്ടും ഇതിലേയ്ക്കായി അനുവദിച്ചിരിക്കുന്ന 4,77,60,000/- രൂപ (നാലു കോടി എഴുപത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപാ മാത്രം) തൊടുപുഴ കെ.എസ്.ഇ.ബി. അധികൃതർക്ക് കൈമാറ്റം ചെയ്തുകൊണ്ടും ടി തുക വിനിയോഗിച്ച് നിശ്ചിത പദ്ധതി 2015 മാർച്ചിനകം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ടി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവുകൾ പ്രകാരം ഇടമലക്കുടിയിലെ പട്ടികവർഗ്ഗസങ്കേത വൈദ്യുതീകരണം 2015 മാർച്ചിനകം പൂർത്തിയാക്കേണ്ട ചുമതല തൊടുപുഴ കെ.എസ്.ഇ.ബി. ക്കാണുള്ളത്. എന്നാൽ ഇതുവരെയും ഇടമലക്കുടി നിവാസികൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി ഒരു ജോലിയും തുടങ്ങിയതായി കമ്മിഷന് അവിടെ കാണുവാൻ സാധിച്ചില്ല.ഭരണഘടനയുടെ പ്രത്യേക പരിരക്ഷ അർഹിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വൈദ്യുതീകരണ പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും, പണം വകയിരുത്തുകയും ചെയ്തിട്ടും ആയത് അവർക്ക് അനുഭവിക്കാൻ കഴിയാത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയായി കമ്മീഷൻ കാണുന്നു. മനുഷ്യന്റെ ഏറ്റവും അടിസ്ഥാന ആവശ്യങ്ങളിലൊന്നായ വൈദ്യുതി അവർക്ക് ലഭ്യമാക്കുന്നതിൽ ഉദാസീനത കാണിച്ച ഉദ്യോഗസ്ഥരുടെ നടപടി സർക്കാർ ഗൗരവമായിക്കണ്ട് പരിശോധിക്കേണ്ടതാണ്. എത്രയും പെട്ടെന്ന് ഇവർക്ക് വൈദ്യുതി ലഭ്യമാക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു.

4.3. **ഇടമലക്കുടി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പ്രോജക്ട്**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് 07-01-2015-ലെ GO(MS) No. 3/2013/SCSTDD ഉത്തരവുപ്രകാരം 10 കോടി 35 ലക്ഷം രൂപയ്ക്കുള്ള ഇടമലക്കുടി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പ്രോജക്ട് പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. ടി തുക അനുവദിച്ചിരിക്കുന്നത് പെട്ടിമുടിയിൽ നിന്ന്

ഇടമലക്കുടിയിലേയ്ക്ക് റോഡ്, വീട്, വാലായ്മപുര, സത്രം, ചെക്ക് ഡാം, സുരക്ഷാഭവനം എന്നിവ പണിയുന്നതിനും ട്രെയിനിംഗ്, കൗൺസിലിംഗ് തുടങ്ങിയവയ്ക്കുമാണ്. ഒന്നാം ഘട്ടമായി ഇതിൽ നിന്നും 433 ലക്ഷം രൂപ മൂന്നാർ ഫോറസ്റ്റ് ആഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇന്നും ദുർഘടം പിടിച്ച റോഡിലൂടെ യാത്ര ചെയ്യേണ്ട ദുരവസ്ഥയാണ് ഇവിടുത്തുകാർക്ക്. ഏതെങ്കിലും അടിയന്തിര സാഹചര്യം വന്നാൽ വഴിയിൽ വെച്ച് ജീവൻ നഷ്ടപ്പെടുകയല്ലാതെ ഈ റോഡിലൂടെ യാത്ര ചെയ്ത് ആശുപത്രിയിലോ മറ്റോ എത്താനാകില്ല. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നായ ഗതാഗതത്തിനുള്ള അവകാശം ഇനിയും പൂർത്തീകരിച്ചു നൽകാൻ അധികൃതർക്കായിട്ടില്ല. റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിരശ്രദ്ധ വേണമെന്ന് കമ്മിഷൻ കരുതുന്നു.

5. **ജനപ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ ചർച്ചകൾ സംബന്ധിച്ച വിവരങ്ങൾ**

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ആഫീസിനായി പണിതിട്ടുള്ള കെട്ടിടത്തിൽ വെച്ച് ആരോഗ്യം, സാമൂഹ്യനീതി, വനംവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, സ്കൂൾ അദ്ധ്യാപകർ, ഇടുക്കി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് പ്രതിനിധികൾ, കുടുംബശ്രീ, ജനപ്രതിനിധികൾ എന്നിവരുമായി 31-05-2016-ന് കമ്മിഷൻ സംവദിക്കുകയുണ്ടായി. പ്രസ്തുത കർത്തവ്യവാഹകരുമായി നടത്തിയ ചർച്ചയിൽ താഴെ പറയുന്ന വസ്തുതകൾ ഉയർന്നു വരികയുണ്ടായി.

- ഇടമലക്കുടിയിലെ കുട്ടികളിൽ പോഷകാഹാരക്കുറവ് ഉണ്ട്.
- സൊസൈറ്റിക്കുടിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ആരോഗ്യ ഉപകേന്ദ്രത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. ഇപ്പോൾ നഴ്സുമാരുടെ സേവനം മാത്രമേ ലഭിക്കുന്നുള്ളു.
- ആരോഗ്യവകുപ്പിൽ നിന്ന് ഡോക്ടർമാർ കോളനിയിൽ വന്ന് സന്ദർശനം നടത്തുന്നുണ്ട്. ചിത്തിരപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നാണ് ഡോക്ടർമാർ കുടികളിൽ വരുന്നത്.
- ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് കുടികളിൽ എത്തുവാനുള്ള യാത്രാസൗകര്യങ്ങൾ ഇല്ല.
- കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനാവശ്യമായ പോഷകാഹാരമടങ്ങിയ ഭക്ഷണങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നില്ല.
- ഇടമലക്കുടി പഞ്ചായത്തിന് സ്ഥിരമായി ഒരു പ്രൈമറി ഹെൽത്ത് സെന്ററിന് അനുവാദം ലഭിച്ചിട്ടുണ്ടെങ്കിലും PHC-യുടെ പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല.

- ചിത്തിരപുരം ആശുപത്രിയിൽ ഇപ്പോൾ രണ്ട് ഡോക്ടർമാരെയുള്ളു. ചിത്തിരപുരം ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും മറ്റ് സ്റ്റാഫുകളെയും നിയമിക്കേണ്ടതാണ്. ഇവിടെ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനവും ലഭ്യമാക്കേണ്ടതാണ്.
- മുളകുതറയിലും ഇരുപ്പകല്ലിലും കമ്മ്യൂണിറ്റി ആരോഗ്യ ഉപകേന്ദ്രവും തുടങ്ങേണ്ടതാണ് (Sub Centre)
- മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനുള്ള ഫണ്ട് ദേവികുളം/ചിത്തിരപുരം മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച നൽകേണ്ടതാണ്.
- പ്രസവങ്ങൾ അധികവും വീടുകളിലാണ് നടക്കുന്നത്. ജനന-മരണ രജിസ്ട്രേഷൻ വിവരം വീട്ടുകാരോ, ട്രൈബൽ പ്രൊമോട്ടർമാരോ വഴിയാണ് പഞ്ചായത്തിനെ അറിയിക്കുന്നത്.
- ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ആഫീസിനുള്ള കെട്ടിടം സൊസൈറ്റിക്കുടിയിൽ പണിതിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഓഫീസ് ഇപ്പോഴും ദേവികുളത്ത് പ്രവർത്തിക്കുന്നതിനാൽ പഞ്ചായത്തിന്റെ സേവനങ്ങൾ ലഭ്യമാകുന്നതിന് ഇവിടുത്തെ നിവാസികൾക്ക് വളരെയധികം ബുദ്ധുമുട്ടുകളുണ്ട്.
- ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ആഫീസ് സൊസൈറ്റിക്കുടിയിൽ പഞ്ചായത്ത് ഓഫീസിനായി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ പൂർണ്ണതോതിൽ ഉടൻ പ്രവർത്തനമാരംഭിക്കണം.
- പഞ്ചായത്ത് കമ്മിറ്റി കൂടാറില്ല.
- ഗവ. ട്രൈബൽ എൽ.പി. സ്കൂളിന്റെയും അങ്കണവാടികളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് വേണ്ടത്ര പരിഗണന കൊടുക്കുന്നില്ല.
- സൊസൈറ്റിക്കുടിയിൽ പ്രവർത്തിക്കുന്ന ഗവ. ട്രൈബൽ എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തണം.
- സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ടീച്ചർമാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുകയും വേണം.
- സ്കൂളിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് പ്രത്യേക ചുമട്ടുകൂലി അനുവദിക്കണം.
- 4-ാം ക്ലാസ് കഴിഞ്ഞാൽ കുട്ടികൾക്ക് പഠിക്കുവാൻ ഇടമലക്കുടിയിൽ സ്കൂൾ ഇല്ലാത്തതിനാൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടുന്നു.
- ഇടമലക്കുടിയിലെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുവാൻ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പ്രീ-മെട്രിക് ഹോസ്റ്റലും സ്ഥാപിക്കണം.
- സർവ്വ ശിക്ഷാ അഭിയാന്റെ ഫണ്ട് ഇടമലക്കുടി എൽ.പി. സ്കൂളിന് ലഭ്യമാക്കണം.

- എൽ.പി. സ്കൂളിന് പ്രത്യേകമായിwater supplyസംവിധാനം വേണം.
- കൗമാരപ്രായക്കാരായ കുട്ടികൾക്ക് തയ്യൽ പരിശീലനം നൽകണം.
- അദ്ധ്യാപകരുടെ ട്രാൻസ്ഫറിന് ഇടമലക്കുടിയിലെ സേവനം പരിഗണനയിലെടുക്കണം.
- സ്കൂളിന്റെ ചോർച്ച നീക്കുവാനാവശ്യമായ അറ്റകുറ്റപണികൾ ഉടൻ നടത്തണം.
- ഏകാദ്ധ്യാപക സ്കൂളിലെ ടീച്ചർമാരുടെ വേതനം 5,000/- രൂപയിൽ നിന്നും 10,000/- രൂപയായി ഉയർത്തണം.
- അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുവാനും ടീച്ചർമാർക്ക് താമസിക്കുവാനുള്ള സൗകര്യവും പഞ്ചായത്ത് പണിത് നൽകണം.
- അങ്കണവാടികൾ മിക്കതും ചോർന്നൊലിക്കുകയാണ്. അറ്റകുറ്റപണി ഒന്നും തന്നെ പഞ്ചായത്ത്നടത്തുന്നില്ല. ഇത് ഉടൻ നിർവ്വഹിക്കണം.
- അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.
- സൊസൈറ്റിയിൽ നിന്നും ഭക്ഷണ സാധനങ്ങൾ അങ്കണവാടിയിൽ എത്തിക്കുവാൻ വൈകുന്നതുകൊണ്ട് പഴകിയ ഭക്ഷണവും ചിലപ്പോൾ കുട്ടികൾക്ക് ലഭിക്കുന്നുണ്ട്.
- റോഡിന്റെ നിർമ്മാണം വനംവകുപ്പ് ഏറ്റെടുത്ത് നടത്തുന്നതിൽ കാലതാമസം നേരിടുന്നു.
- ട്രൈബൽ ഡിപ്പാർട്ടുമെന്റിലെ സ്റ്റാഫംഗങ്ങൾ ഊരുകളിൽ സന്ദർശനം നടത്തുന്നില്ല.
- ജലനിധി പദ്ധതി എത്രയും വേഗം നടപ്പിലാക്കണം.
- വൈദ്യുതി അനുവദിക്കാനുള്ള നടപടി കെ.എസ്.ഇ.ബി. ഉടൻ സ്വീകരിക്കണം.
- റോഡ് ഗതാഗതസൗകര്യം, വാർത്താവിനിമയ സൗകര്യം, പാലങ്ങൾ, ആശുപത്രി തുടങ്ങിയവ ഒന്നും ഇടമലക്കുടിയിൽ ഇല്ലാത്തത് ഇവിടുത്തെ കുട്ടികളുടെ എല്ലാ വിധ വികസനങ്ങൾക്കും തടസ്സമാകുന്നു.

6. കമ്മീഷൻ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് നേരിട്ട് സന്ദർശിച്ചതിൽ നിന്നും വിവിധ സർക്കാർവകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഇടമലക്കുടിനിവാസികൾ, കുടുംബശ്രീ പ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചയിൽ നിന്നും ഇടമലക്കുടിയിലെ കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമ കാര്യങ്ങൾ തുടങ്ങിയ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാരും ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതു മൂലം ഇവിടുത്തെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. റോഡും, വൈദ്യുതിയും, ഗതാഗത സൗകര്യമില്ലാത്ത അവസ്ഥയും ഊരുകളിൽ ടോയ്ലറ്റ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന

സൗകര്യങ്ങൾ ഇല്ലാത്തതും ഇവിടുത്തെ കുട്ടികളുടെ അവകാശ ലംഘനമാണ്. വാർത്താവിനിമയ സൗകര്യങ്ങൾ ഇല്ലാത്തതും കുട്ടികളുടെ വികസനത്തിന് വിഘാതമാകുന്നു. ഇത്തരം പരിതസ്ഥിതിയിൽ ഈ മേഖലയിലെ കുട്ടികളുടെ വികാസം സാധ്യമാകുമെന്ന് കമ്മിഷൻ കരുതുന്നില്ല. ഇതിന് സമഗ്രമായ മാറ്റം വരുത്തേണ്ടതാണ്.

7. ഇടമലക്കുടിയിൽ പ്രവർത്തിക്കുന്ന എൽ.പി. സ്കൂളിൽ നിന്ന് നാലാം ക്ലാസ് പാസ്സായശേഷം കുട്ടികൾ വീട്ടിൽ നിന്ന് മാറി ദൂരെയുള്ള ഹോസ്റ്റലുകളിൽ പോയി പഠിക്കേണ്ട അവസ്ഥയാണ്. റോഡ് ഗതാഗതം ഇല്ലാത്തതിനാൽ കിലോ മീറ്ററുകളോളം സഞ്ചരിച്ചാണ് കുട്ടികൾ ഗവ. ട്രൈബൽ എൽ.പി.സ്കൂളിൽ എത്തുന്നത്. മാത്രവുമല്ല യു.പി. തലം മുതൽ ഹോസ്റ്റലിൽനിന്നു പഠിക്കേണ്ടി വരുന്നതുകൊണ്ട് കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് ഇത് പ്രധാന കാരണമായി മാറുന്നു.

8. 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് 1 മുതൽ 5 ക്ലാസ് വരെ 1 കിലോമീറ്ററിനുള്ളിലും 6 മുതൽ 8 വരെ ക്ലാസ്സുകൾ 3 കിലോമീറ്ററിനുള്ളിലും സ്കൂളുകൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇടമലക്കുടി പഞ്ചായത്തിൽ ആകെ ഒരു എൽ.പി. സ്കൂൾ മാത്രമാണ് ഉള്ളത്. അംഗൻവാടികളുടെയും സ്കൂളിന്റെയും ഭൗതികസൗകര്യം മെച്ചപ്പെടു ത്തുന്നതിന് ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ട്. ഇടമലക്കുടി പഞ്ചായ ത്തിലെ കുട്ടികൾക്ക് 8-ാം ക്ലാസ് വരെ സ്വന്തം വീട്ടിൽ നിന്ന് പഠനം നടത്തുവാ നുള്ള അവസരം ലഭിക്കുന്നില്ല. സ്കൂളുകളിലെ കുട്ടികളുടെ കൊഴിഞ്ഞുപോ ക്കിന് ഇത് കാരണമാകുന്നുണ്ട്. ആയതിനാൽ ഇടമലക്കുടിയിൽ നിലവിലുള്ള ട്രൈബൽ എൽ.പി. സ്കൂൾ ആദ്യപടിയായി യു.പി. സ്കൂളായെങ്കിലും ഉയർത്തി ഇവിടുത്തെ കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ് എന്ന് കമ്മിഷൻ കരുതുന്നു. സൊസൈറ്റി കുടിയിൽ പ്രവർത്തിക്കുന്ന എൽ.പി. സ്കൂളിലേയ്ക്ക് മറ്റ് കുടികളിൽ നിന്ന് കുട്ടികൾക്ക് എത്തിച്ചേരണമെങ്കിൽ ഒരു മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെ കാൽനടയായി വനത്തിലൂടെ സഞ്ചരിക്കേണ്ടതുണ്ട്. ഇത് കുട്ടികളുടെ കൊഴി ഞ്ഞുപോക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നു. ആയതിനാൽ ടി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു ഹോസ്റ്റൽ സൗകര്യം വേണ്ടതിന്റെ ആവശ്യകത വളരെ പ്രാധാന്യമർഹിക്കുന്നു. ഇവിടുത്തെ അംഗൻവാടികളുടെ പ്രവർത്തനവും കാര്യക്ഷമമായി നടക്കുന്നില്ല. അംഗൻവാടി കെട്ടിടങ്ങൾ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്.

9. ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ആഫീസ് കെട്ടിടം സൊസൈറ്റികുടിയിൽ പണി പൂർത്തിയായിട്ടും പഞ്ചായത്ത് ആഫീസ് ഇടമലക്കുടിയിൽ പ്രവർത്തനം ആരംഭി

ച്ചിട്ടില്ല. ഇപ്പോഴും ഇവിടുത്തെ നിവാസികൾക്ക് പഞ്ചായത്താവശ്യങ്ങൾക്കായി കിലോമീറ്ററുകളോളം കാൽനടയായി നടന്നും ജീപ്പിൽ കയറിയും ദേവികുളത്ത് പ്രവർത്തിക്കുന്ന പഞ്ചായത്ത് ഓഫീസിൽ പോകേണ്ട സ്ഥിതി വിശേഷമാണ്. 2010-ൽ രൂപീകരിച്ച ഇടമലക്കുടി പഞ്ചായത്ത് ആഫീസ് സൊസൈറ്റിക്കുടിയിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ കണ്ടെത്തുന്നു. പഞ്ചായത്തിന്റെ സേവനങ്ങൾ ഒന്നും തന്നെ കൃത്യസമയത്ത് ഇവിടുത്തെ കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്.

10. ഇടമലക്കുടിപഞ്ചായത്ത് വൈദ്യുതീകരിക്കുന്നതിനാവശ്യമായ തുക തൊടുപുഴ കെ.എസ്.ഇ.ബി.യ്ക്ക് പട്ടികവർഗ്ഗവികസന വകുപ്പ് അധികൃതരും ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് പണി, വീടുകൾ, വാലായ്മപുരകൾ, പാലങ്ങൾ, സത്രങ്ങൾ തുടങ്ങിയവ പണിയുന്നതിലേയ്ക്കായുള്ള തുകകൾ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്കും കൈമാറിയിട്ടുള്ളതുമാണ്. ജലനിധി പദ്ധതിയും പഞ്ചായത്തിന്റെ വക ടോയ്ലറ്റ് നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. റോഡ്. വൈദ്യുതി, ശുദ്ധജലം, വീടുകൾ, ടോയ്ലറ്റുകൾ, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയവ ലഭിച്ചാൽ മാത്രമേ ഇവിടുത്തെ കുട്ടികളുടെ ആരോഗ്യം, വികസനം, വിദ്യാഭ്യാസം തുടങ്ങിയ അവകാശങ്ങൾ സംരക്ഷിക്കപ്പെടുവാൻ സാധിക്കുകയുള്ളു. മേൽ പറഞ്ഞിട്ടുള്ള പദ്ധതികൾ സാക്ഷാൽക്കരിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട കെ.എസ്.ഇ.ബി., വനംവകുപ്പ്, പഞ്ചായത്ത് എന്നിവർ എത്രയും വേഗം പണി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

11. ഇവിടുത്തെ കുട്ടികൾക്ക് ചികിത്സ ലഭിക്കുന്നതിന് അടിമാലി വരെ പോകേണ്ട അവസ്ഥയാണുള്ളത്. ഇത് ഇവിടുത്തെ കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ഇവിടുത്തെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് ഡോക്ടറുടെ സേവനം ലഭിക്കുന്നതിന് ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ടാകേണ്ടതാണ്. പോഷകാഹാരക്കുറവും കുട്ടികൾക്കുള്ളതിനാൽ കൃത്യമായി മെഡിക്കൽ ക്യാമ്പും നടത്തേണ്ടതായിട്ടുണ്ട്.

12. ഇടമലക്കുടിയിൽ താമസിക്കുന്ന ഗോത്രവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതത്വം, വികസനം, ക്ഷേമകാര്യങ്ങൾ എന്നീ അവകാശങ്ങൾ നിറവേറ്റാതെ അതിൽ നിന്ന് ഉത്തരവാദിത്വപ്പെട്ട അധികാരികൾ ഒഴിഞ്ഞുമാറുന്നത് അനുവദിക്കാനാകില്ല. കുട്ടികളുടെ വികസനത്തിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇടമലക്കുടിയിൽ ഇല്ലാത്തത് ഇവിടുത്തെ കുട്ടികളുടെ അവകാശലംഘനമായതിനാൽ ഇത് സർക്കാരും മറ്റ് ബന്ധപ്പെട്ട എല്ലാവരും വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. രാജ്യത്തെ കുട്ടികൾക്ക് ഭരണഘടനയും വിവിധ നിയമങ്ങളും നൽകുന്ന സംരക്ഷണം വനപ്രദേശമായ ഇടമല

ക്കുടിയിൽ താമസിക്കുന്ന ഗോത്രവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഉറപ്പുവരുത്തുവാൻ ഇവിടത്തെ കുട്ടികളുടെ എല്ലാവിധ അടിസ്ഥാന അവകാശങ്ങളുംസംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ കാണുന്നു. വിവിധ വകുപ്പുകളുടെ ഏകോപനവും പ്രവർത്തനവും മെച്ചപ്പെട്ടാൽ മാത്രമേ കുട്ടികളുടെ അവകാശം സംരക്ഷിക്കപ്പെടുകയുള്ളു. ഇതിൽ സർക്കാരിന് വളരെ നിർണ്ണായകമായ പങ്കും ഉത്തരവാദിത്വവുമാണുള്ളത്. ആയതിനാൽ ഇടമലക്കുടിയിലെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് അടിയന്തിര പ്രാധാന്യത്തോടെ ബന്ധപ്പെട്ട വകുപ്പുകൾ കർമ്മോൽസുകരായി പ്രവർത്തിക്കേണ്ടതാണ്.

*13. **മേൽ പ്രതിപാദിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മിഷനുകൾ ആക്ടിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയുന്ന ശുപാർശകൾ നൽകി മേൽ നമ്പർ കേസിൽ സ്വമേധയാ സ്വീകരിച്ച നടപടി തീർപ്പാക്കി കമ്മിഷൻ ഉത്തരവാകുന്നു.***

(എ) ഇടമലക്കുടിയിൽ ഇപ്പോൾ എൽ.പി. സ്കൂൾ മാത്രമുള്ളതിനാൽ ഇടമലക്കുടിയിലെ കുട്ടികൾ നാലാം ക്ലാസ് കഴിഞ്ഞാൽ വിദ്യാഭ്യാസം ലഭിക്കുന്നതിന് ചെറുപ്രായത്തിൽ തന്നെ വീട്ടിൽ നിന്ന് മാറി നിൽക്കേണ്ട അവസ്ഥയാണുള്ളത്. ടി കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിന് 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് അനുസരിച്ച് ഇടമലക്കുടിയിൽ താമസിക്കുന്ന ഗോത്രവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിന് സൊസൈറ്റികുടിയിൽ പ്രവർത്തിക്കുന്ന ഗവ. ട്രൈബൽ എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുകയും നിലവിലുള്ള എൽ.പി. സ്കൂളിൽ വൈദ്യുതി, ശുദ്ധജലം, ക്ലാസ്മുറികൾ, ലൈബ്രറി, കളി ഉപകരണങ്ങൾ, കമ്പ്യൂട്ടർ, അടുക്കള, ഓഫീസ് മുറികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയ ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തിയും, അറ്റകുറ്റപണികൾ നടത്തിയും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ആനുകൂല്യം കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുവേണ്ട നടപടികൾ1, 2, 3, 5, 12, 13, 14, 17, 18, 19, 21, 22, 26, 27, 28എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്. സ്കൂൾ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള എൽ.എസ്.ജി.ഡി എഞ്ചിനീയർ അടിയന്തിരമായി സന്ദർശിച്ച് അറ്റകുറ്റപണികൾക്ക് നിർദ്ദേശം നൽകേണ്ടതും സ്കൂൾ കെട്ടിടം കുട്ടികൾക്ക് സുരക്ഷിതമായി പഠിക്കാൻ ഉതകുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ബി) മറ്റ് കുടികളിൽ നിന്ന് കിലോമീറ്ററുകളോളം നടന്ന് സ്കൂളിൽ എത്തുമ്പോൾ കുട്ടികൾ വിശന്ന് തളർന്ന് രാവിലെ ക്ലാസിൽ ഇരിക്കേണ്ട

അവസ്ഥയാണുള്ളത്. ആയതിനാൽ സൊസൈറ്റിക്കുടിയിൽ പ്രവർത്തിക്കുന്ന ഗവ. എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനും, ഭക്ഷണസാധനങ്ങൾ സൊസൈറ്റിക്കുടിയിൽ എത്തിക്കുവാനുള്ള കൂലിയും പ്രത്യേകമായി സ്കൂൾ അധികൃതർക്ക് നൽകുവാനുള്ള നടപടികളും 12, 14, 17, 18, 19,21, 22, 26, 27, 28 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(സി) ഇടമലക്കുടി പഞ്ചായത്തിലെ മറ്റ് കുടികളിൽനിന്ന് സൊസൈറ്റികുടിയിൽ പ്രവർത്തിക്കുന്ന ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ എത്തുന്നതിന് കുട്ടികൾക്ക് ഒരു മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെ കാൽനടയായി വനത്തിലൂടെ സഞ്ചരിക്കേണ്ട അവസ്ഥയുള്ളതിനാൽ പല കുട്ടികളും സ്കൂളിൽ എത്തുന്നില്ല എന്നത് ഒരു വസ്തുതയാണ്. ആയതിനാൽ സൊസൈറ്റികുടിയിൽ പ്രവർത്തിക്കുന്ന ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുവാനും ടി സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുമ്പോഴും ഇവിടത്തെ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യവും, ക്ലാസ് മുറികൾ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ വേണ്ട നടപടികൾ 12, 14, 18, 19, 21, 22, 26, 27 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(ഡി) ഇടമലക്കുടി എൽ.പി. സ്കൂളിൽ അടിയന്തിരമായി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി) രൂപീകരിക്കാനാവശ്യമായ നടപടി 33-ാം എതിർകക്ഷി സ്വീകരിക്കേണ്ടതും ആയത് കൃത്യമായി ചേരുന്നുണ്ടെന്ന് 27-ാം എതിർകക്ഷി ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഇ) ഇടമലക്കുടിയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർ ട്രാൻസ്ഫറിന് അപേക്ഷിക്കുമ്പോൾ ഇവിടുത്തെ പ്രവർത്തി പരിചയം പ്രത്യേകമായി പരിഗണിച്ച് മുൻഗണന നൽകുവാൻ വേണ്ട നടപടികൾ 2, 12 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്. ഇടമലക്കുടിയിൽ പ്രവർത്തിക്കുന്ന സ്കൂളിലെ അദ്ധ്യാപക നിയമനം സമ്മതപത്രം വാങ്ങി മാത്രം നടത്തുക. നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്കും ഇടമലക്കുടിയിൽ ജോലി ചെയ്യുന്നവർക്കും ഒരേ ആനുകൂല്യമെന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ അവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ട നടപടി 2, 12 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

1. ഇടമലക്കുടിയിലെ നിശ്ചിത പ്രവർത്തന കാലയളവ് അദ്ധ്യാപകരുടെ സ്ഥലമാറ്റത്തിന് പ്രഥമ പരിഗണന നൽകുന്ന വെയിറ്റേജ് ഘടകമാക്കണം.
2. അടിസ്ഥാന ശമ്പളത്തിന്റെ 10% തുകയെങ്കിലും Special Pay ആയി ഇവിടുത്തെ പ്രവർത്തനത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

(എഫ്) ഇടമലക്കുടി പഞ്ചായത്ത് ആഫീസ് ദേവികുളത്തുനിന്ന് മാറ്റി സൊസൈറ്റിക്കുടിയിൽ പഞ്ചായത്ത് ഓഫീസിനായി പണിതിട്ടുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനമാരംഭിച്ച് പഞ്ചായത്തിന്റെ സേവനങ്ങൾ ഇടമലക്കുടിയിലെ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് കാലതാമസം കൂടാതെയും നീതിയുക്തമായും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ വേണ്ടനടപടികൾ 3, 5, 13, 14, 18, 21, 26എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.ഇടമലക്കുടിയിൽ താമസിച്ച് പ്രവർത്തിക്കുവാൻ താൽപര്യമുള്ളവരെയായിരിക്കണം പഞ്ചായത്ത് ഓഫീസിന്റെ സ്റ്റാഫംഗങ്ങളായി നിയമിക്കേണ്ടത്. ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് നിശ്ചിത കാലയളവ് അവിടെ പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെ മാത്രം നിയമിക്കേണ്ടതാണ്. അദ്ധ്യാപകർക്കായി മുകളിൽ (എഫ്)-ൽ ശുപാർശ ചെയ്ത ആനുകൂല്യങ്ങൾ ഇവർക്കും ബാധകമാക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനവും ഉദ്യോഗസ്ഥരുടെ സേവനവും ഇപ്പോൾ ഒട്ടും തൃപ്തികരമല്ല.പഞ്ചായത്തിനായി ഓഫീസ് കെട്ടിടവും മറ്റും ലഭ്യമായ ശേഷവും ഇടമലക്കുടിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് ലഭിക്കേണ്ടിയിരുന്ന പല ആനുകൂല്യങ്ങളും ജീവനക്കാരുടെ അലംഭാവംമൂലം നഷ്ടപ്പെടാനുണ്ടായ സാഹചര്യം പരിശോധിച്ച് യുക്തമായ നടപടികൾ എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(ജി) ഇടമലക്കുടിപഞ്ചായത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ആവശ്യത്തിന് അനുസൃതമായി ടോയ്ലറ്റുകൾ നിർമ്മിക്കുകയും ടോയ്ലറ്റിന് ആവശ്യമായ വെള്ളം ലഭിക്കുന്നതിനും വേണ്ടനടപടികൾ 3, 13, 21, 26 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(എച്ച്) ഓരോ കുടുംബങ്ങൾക്കും ആവശ്യമായ ശുദ്ധജലവിതരണം ലഭ്യമാകുന്നുവെന്നും ജലനിധി പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നുവെന്നും 1, 10, 26 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതാണ്.

(ഐ) ഇടമലക്കുടി പഞ്ചായത്ത് കുട്ടികൾക്കായി പ്രത്യേക തുക നീക്കി വയ്ക്കേണ്ടതും ആയത് മറ്റ് ആവശ്യങ്ങൾ വകമാറി ഉപയോഗിക്കാൻ പാടില്ലാത്ത

തുമാണ്. കുട്ടികൾക്കായി നീക്കിവച്ച തുക കുട്ടികളുടെ ആവശ്യങ്ങൾക്കു മാത്രമായി വിനിയോഗിക്കുന്നുവെന്ന് 3, 13, 21, 26 എതിർകക്ഷികൾ ഉറപ്പു വരുത്തേണ്ടതാണ്.

(ജെ) പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്ന് ഇടമലക്കുടി പഞ്ചായത്തിലെ പട്ടിക വർഗ്ഗസങ്കേതം വൈദ്യുതീകരിക്കുവാൻ തൊടുപുഴ കെ.എസ്.ഇ.ബി.യെ ഏൽപ്പിച്ച കാര്യത്തിൽ നടപടികൾ എത്രയും വേഗം പൂർത്തിയാക്കി ഇടമലക്കുടിയിൽ വൈദ്യുതി ലഭിച്ചു എന്ന് ഉറപ്പുവരുത്തുവാനുള്ള നടപടികൾ 5, 7, 11, 14, 18, 22, 24, 26 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(കെ) പട്ടികവർഗ്ഗവികസന വകുപ്പ് ഇടമലക്കുടിയിൽ ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ്, വീട്, വാലായ്മപുര, സത്രം, സുരക്ഷാഭവനം, പാലങ്ങൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഏൽപ്പിച്ച കാര്യത്തിൽ നടപടികൾ എത്രയും വേഗം പൂർത്തിയാക്കി എന്ന് ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ 4, 5, 6, 14, 18, 22, 25, 26 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(എൽ) ഇടമലക്കുടിയിലെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് ഒരു പ്രൈമറി ഹെൽത്ത് സെന്ററും, രണ്ട് സബ് സെന്ററും സ്ഥാപിക്കുവാനും ആവശ്യത്തിന് ഡോക്ടർമാരെയും സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ളവരെയും നിയമിക്കുവാനും വേണ്ട നടപടികൾ 9, 14, 16, 18, 22, 23, 26 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(എം) ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഇവിടുത്തെ നിവാസികളുടെ, പ്രത്യേകിച്ചും കുട്ടികളുടെയും അമ്മമാരുടെയും വൈദ്യപരിശോധന നടത്തുന്നതിന് എല്ലാ മാസവും കൃത്യമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും 9, 14, 16, 18, 22, 23, 26 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതാണ്.

(എൻ) പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക വൈറ്റമിനും പോഷകാഹാരമടങ്ങിയ ഭക്ഷണവും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരമടങ്ങിയ ഭക്ഷണങ്ങൾ വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ 9, 14, 15, 16, 18, 20, 22, 23, 26 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(ഒ) മെഡിക്കൽ ക്യാമ്പിനായി ആരോഗ്യവകുപ്പിൽ നിന്ന് എത്തുന്ന ഡോക്ടർ ഉൾപ്പെടെയുള്ളവർക്ക് പ്രത്യേക യാത്രാകൂലി നൽകുവാനും, ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ പരിശോധനകൾ നടത്തുവാനും താമസിക്കുവാനും വേണ്ട സൗകര്യങ്ങളും ഒരുക്കുവാൻ വേണ്ട നടപടികളും 14, 16, 18, 23, 26 എതിർകക്ഷികൾ സ്വീകരിക്കണം.

(പി) അക്ഷയ സെന്ററിനോടനുബന്ധിച്ച് കൗമാരപ്രായക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുവാനും അതോടൊപ്പം തന്നെ അക്ഷയ സെന്റർ കെട്ടിടവും അവിടുത്തെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ആനയുടെ ശല്യത്തിൽ നിന്ന് സംരക്ഷിക്കുവാൻ trench കുഴിക്കുവാനുള്ള നടപടികളും 21, 26 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(ക്യു) വളരെ ദൂരസ്ഥലത്തുനിന്ന് ഇടമലക്കുടിയിലെത്തി ജോലി ചെയ്യുന്ന അംഗൻവാടി ടീച്ചർമാർക്ക് താമസിക്കുവാൻ സൗകര്യമില്ലാത്തതുകൊണ്ട് ടീച്ചർമാർ കൃത്യമായി അംഗൻവാടിയിൽ എത്തുന്നില്ല. ഇതുമൂലം അംഗൻവാടിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ആയതിനാൽ അംഗൻവാടി ടീച്ചർമാർക്ക് താമസിച്ച് ജോലി ചെയ്യുന്നതിന് ഇപ്പോൾ നിലവിലുള്ള പകൽവീട് കെട്ടിടം അംഗൻവാടി ടീച്ചർമാരുടെ ക്വാർട്ടേഴ്സായി ഉപയോഗിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ട നടപടികൾ14, 15, 20, 22, 26, 29 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(ആർ) അംഗൻവാടി ടീച്ചർമാരാകാൻ വിദ്യാഭ്യാസ യോഗ്യതയുള്ള ഇടമലക്കുടി പഞ്ചായത്തിലെ നിവാസികളായ പെൺകുട്ടികളെ കണ്ടെത്തി ഇവിടുത്തെ അംഗൻവാടിയിൽ ടീച്ചർമാരായി നിയമിക്കുവാൻ വേണ്ട നടപടികൾ 8, 15, 20, 26, 29 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(എസ്) ഇടമലക്കുടിയിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക സ്കൂളിന്റെ പ്രവർത്തനം സമയാസമയങ്ങളിൽ വിലയിരുത്തുകയും ഏകാദ്ധ്യാപക സ്കൂളിലെ ടീച്ചർമാരുടെ വേതനം ഉയർത്തുന്നതിനുള്ള നടപടികളും 2, 5, 12, 14, 19, 22 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(റ്റി) ഇടമലക്കുടിയിലെ കുട്ടികളുടെ ജനനം, മരണം എന്നിവ കൃത്യമായി രജിസ്റ്റർ ചെയ്യുകയും അവർക്ക് അർഹതയുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ 22, 23, 26, 29 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(യു) ഇടമലക്കുടി പ്രദേശത്ത് മദ്യം, മയക്കുമരുന്ന് എന്നിവമൂലമുള്ള ചൂഷണങ്ങൾ ഇപ്പോൾ താരതമ്യേന കുറവാണെങ്കിലും ഭാവിയിൽ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നതിന് 26, 34, 35 എതിർകക്ഷികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നിരിക്കിലും നിയമവിരുദ്ധമായുള്ള ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിനും ഇതുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും 34, 35 എതിർകക്ഷികൾ ജില്ലയിലെ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതും മതിയായ ജാഗ്രത പുലർത്തി നിശ്ചിത ഇടവേളകളിലും വിവര ലഭ്യതക്കനുസരിച്ചും റെയ്ഡുകൾ നടത്തേണ്ടതും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്.

(വി) ട്രൈബൽ പ്രമോട്ടർമാർ കൃത്യമായി ഇടമലക്കുടിയിലെ വീടുകൾ സന്ദർശിച്ച് അവിടുത്തെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുവെന്ന് 18, 22, 26 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതാണ്.

കമ്മിഷന്റെ ശുപാർശകളിന്മേൽ എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 60 ദിവസത്തിനകം കമ്മിഷന് ലഭ്യമാക്കേണ്ടതാണ്. മേൽ നമ്പർ കേസ് 2016 ആഗസ്റ്റ് 25-ന് വീണ്ടും പരിഗണിക്കുന്നതാണ്.

(ഒപ്പ്)
ശോഭാ കോശി
(ചെയർപേഴ്സൺ)

(ഒപ്പ്)
കെ. നസീർ
(മെമ്പർ)

(ഒപ്പ്)
മീന. സി.യു
(മെമ്പർ)

ഉത്തരവിൻ പ്രകാരം

എസ്.എച്ച്. ജയകേശൻ
രജിസ്ട്രാർ

SJ